പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 1027

01.03.2017 -ലെ മറുപടിയ്ക്ക്

## സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള തോട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും എത്ര തോട്ടങ്ങൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ)1951 ലെ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം സംസ്ഥാനത്ത് 891 തോട്ടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 22 തോട്ടങ്ങൾ സർക്കാർ മേഖലയിലും 869 തോട്ടങ്ങൾ സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നവയാണ്. |
| (ബി) ഓരോ മേഖലയിലും എത്ര തൊഴിലാളികൾ വീതം തൊഴിലെടുക്കുന്നുണ്ടെന്ന വിവരവും സ്ത്രീ തൊഴിലാളികളുടെയും പുരുഷ തൊഴിലാളികളുടെയും എണ്ണം വേർതിരിച്ചുള്ള വിവരവും നൽകാമോ; | (ബി) സർക്കാർ മേഖലയിൽ 6149 തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട്. ഇതിൽ 3237 പേർ സ്ത്രീകളും 2912 പേർ പുരുഷൻമാരുമാണ്. സ്വകാര്യ മേഖലയിൽ 56273 തൊഴിലാളികൾ തൊഴിലെടുക്കുന്നു. ഇതിൽ 31215 പേർ സ്ത്രീകളും 25058 പേർ പുരുഷൻമാരുമാണ്. |
| (സി) ഓരോ മേഖലയിലും എത്ര തോട്ടങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ എത്ര തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (സി) സർക്കാർ മേഖലയിലെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന 22 തോട്ടങ്ങളിൽ 6149 തൊഴിലാളികൾ പണിയെടുക്കുന്നു. സ്വകാര്യ മേഖലയിലെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന 485 തോട്ടങ്ങളിൽ 52587 തൊഴിലാളികൾ പണിയെടുക്കുന്നു. |
| (ഡി)പ്രസ്തുത തോട്ടങ്ങളിൽ എത്രയെണ്ണം പൂട്ടിക്കിടപ്പുണ്ട്; അവയിലെ എത്ര തൊഴിലാളികൾ അതുമൂലം തൊഴിൽരഹിതരായിട്ടുണ്ട്; | (ഡി) സർക്കാർ മേഖലയിൽ തോട്ടങ്ങൾ ഒന്നും പൂട്ടിക്കിടക്കുന്നില്ല. സ്വകാര്യ മേഖലയിൽ 14 തോട്ടങ്ങൾ പൂട്ടിക്കിടക്കുന്നു. ഇതുമൂലം 2148 തൊഴിലാളികൾ തൊഴിൽ രഹിതരാണ്. |
| (ഇ)പ്രവർത്തിക്കുന്നവയിൽ തന്നെ ശമ്പളകടിശ്ശികയുള്ള തോട്ടങ്ങളുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ; തൊഴിലാളികളുടെ മിനിമം കൂലി എത്രയെന്നും എന്ന് മുതലാണ് ഇത് നിശ്ചയിച്ചതെന്നും വ്യക്തമാക്കാമോ ? | (ഇ) ശമ്പള കടിശ്ശിക ഉണ്ട്. നെടുമങ്ങാട് പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ അധികാര പരിധിയിലുള്ള പൊൻമുടി മെർക്കിൻസ്റ്റൺ എസ്റ്റേറ്റിൽ 2017 ജനവരി മാസത്തിൽ 12 പേർക്ക് ശമ്പളം നൽകാനുണ്ട്. മാനന്തവാടി പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ അധികാര |

പരിധിയിലുള്ള പ്രിയദർശിനി എസ്റ്റേറ്റിൽ 2015 ജൂലൈ മുതൽ 2016 നവംബർ വരെയുള്ള ശമ്പള കുടിശ്ശിക നൽകാനുണ്ട്.

തോട്ടം തൊഴിലാളികളുടെ 2017 ജനുവരി മാസത്തെ മിനിമം കൂലി താഴെ പറയും പ്രകാരമാണ്.

| | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ആകെ |
|---|---|---|---|
| തേയില | 256.21 | 56.50 | 312.71 |
| കാപ്പി | 256.21 | 56.50 | 312.71 |
| ഏലം | 285.21 | 56.50 | 341.71 |
| റബ്ബർ | 336.21 | 56.50 | 392.71 |

മിനിമം കൂലി നിരക്കുകൾ 2015 ജൂലൈ മാസം 1-ാം തീയതി മുതൽ പ്രാബല്യത്തിലുണ്ട്.

Sreedevi

**സെക്ഷൻ ഓഫീസർ**